**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 476** **08-06-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി ശാന്തകുമാരി കെ. | | Shri. V. N. Vasavan<br>(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്തിരുന്ന 'കേരള ബാങ്ക്' രൂപീകരണം വിജയകരമായി നടപ്പാക്കുന്നതിന് കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിലവിൽ കേരള ബാങ്കിന്റെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ? എങ്കിൽ വിശദമാക്കുമോ; | (ബി) | pdf attached |
| (സി) | പ്രൊഫഷണൽ മാനേജ്മെന്റും ആധുനിക ബാങ്കിങ്ങ് സാങ്കേതികവിദ്യയും സന്നിവേശിപ്പിച്ചുകൊണ്ട് രൂപംകൊടുത്ത കേരള ബാങ്കിനെ സംസ്ഥാനത്തിന്റെ മുഴുവൻ ബാങ്കിങ്ങ് ആവശ്യങ്ങളും നിറവേറ്റാൻ പര്യാപ്തമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്താമോ; | (സി) | കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മുഴുവൻ ശാഖകളേയും ബന്ധിപ്പിച്ചു കൊണ്ടുള്ള കോർ ബാങ്കിംഗ് (CBS) നടപ്പാക്കുന്നതിന്റെ Request for Proposal (RFP) അവസാന ഘട്ടത്തിലാണ്. കൂടാതെ ഡിജിറ്റൽ ബാങ്കിംഗ് നടപ്പാക്കുന്ന പദ്ധതിയും ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. സമൂഹത്തിലെ എല്ലാ വിഭാഗത്തിലുള്ള ജനവിഭാഗങ്ങൾക്ക് ഉതകുന്നതരത്തിൽ വിവിധ നിക്ഷേപ പദ്ധതികളും വായ്പാ പദ്ധതികളും സംസ്ഥാനമൊട്ടാകെ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. |
| (ഡി) | കോവിഡ് മൂലമുണ്ടായിട്ടുള്ള പ്രതിസന്ധി മറികടക്കുന്നതിന് 'പ്രത്യേക പാക്കേജ്' ആവിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ? | (ഡി) | കോവിഡ് പ്രതിസന്ധി മറികടക്കുന്നതിനായി CM's Helping Hand Loan Scheme (CMHLS), പ്രവാസി സ്വർണ്ണ വായ്പ, ടൂറിസം ഗോൾഡ് എന്നീ വായ്പാ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

നിലവിൽ കേരള ബാങ്കിന് 769 ശാഖകളും 'എ' ക്ലാസ് മെമ്പർമാരായി 1557 പ്രാഥമിക സഹകരണ സംഘങ്ങളും ഉണ്ട്. 31.03.2021-ലെ ബാങ്കിന്റെ ആകെ ബിസിനസ് 1,06,396.64 കോടി രൂപ ആണ്. ബാങ്കിന്റെ നിക്ഷേപം 66,731.61 കോടി രൂപയും, വായ്പ 39,665.03 കോടി രൂപയുമാണ്.

2020-21 സാമ്പത്തിക വർഷത്തിൽ വായ്പാ ഇനത്തിൽ 18,215 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

നബാർഡിന്റെ ധനസഹായത്തോടെ 2020-21 കാലഘട്ടത്തിൽ 2000 കോടി രൂപ സ്പെഷ്യൽ ലിക്വിഡിറ്റി ഫണ്ട് (SLF) സംസ്ഥാനത്തെ കാർഷിക സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2021-22 കാലഘട്ടത്തിൽ 1670 കോടി ഈ ഇനത്തിൽ വിതരണം ചെയ്യുന്നുണ്ട്.

കേരള ബാങ്കിൽ ഒന്നാകെ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം നടപ്പിൽ വരുത്തി അത്യന്താധുനിക ഡിജിറ്റൽ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ച് വരുകയാണ്. നിലവിൽ ATM, Mobile Banking, RTGS/NEFT, IMPS, CTS Clearing തുടങ്ങിയ സേവനങ്ങൾ കേരള ബാങ്ക് ഇടപാടുകാർക്ക് നൽകി വരുന്നു.

കേരള ബാങ്ക് രൂപീകരിച്ച ശേഷം സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഉതകുന്ന രൂപത്തിൽ പലവിധത്തിലുള്ള CASA (കറണ്ട്/സേവിംഗ്സ് അക്കൗണ്ടുകൾ) ആരംഭിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

KB സീനിയർ സിറ്റിസൺ സേവിംഗ്സ്

KB വനിതാ സേവിംഗ്സ്

KB യംഗ് സേവിംഗ്സ്

KB മൈനർ സേവിംഗ്സ്

KB സഹായം സേവിംഗ്സ്

KB പെൻഷനർ സേവിംഗ്സ്

KB കുടുംബം സേവിംഗ്സ്

KB ഫ്രീഡം സേവിംഗ്സ് (PACS)

**കേരള ബാങ്ക് വായ്പാ പദ്ധതികൾ**

| | | |
|---|---|---|
| 1 | 1) KB MSME<br>2) KB Suvidha<br>3)KBYuvamithra | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കുള്ള വായ്പാ പദ്ധതി |
| 2 | KBLT Agricultural | കാർഷിക മേഖല യിൽ പദ്ധതികൾ നടപ്പിലാക്കുന്നതി-നുള്ള ദീർഘകാല വായ്പ |
| 3 | 1) KB Home Loan | ഭവനനിർമ്മാണത്തിനും അറ്റകുറ്റ പണിക്കും ഉള്ള വായ്പ |

| | | |
|---|---|---|
| | 2) KB Housing Loan (PMAY) | പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി പ്രകാരം സബ്സിഡി യോടുകൂടിയുള്ള ഭവന വായ്പ |
| | 3) KB Suvidha Home | കുറഞ്ഞ വരുമാന ക്കാർക്കുള്ള ഭവന വായ്പാ പദ്ധതി |
| 4 | KB Pravasi Kiran | പ്രവാസികൾക്ക് സംരംഭങ്ങൾ തുടങ്ങുവാനുള്ള വായ്പാ പദ്ധതി |
| 5 | KB Kissan Mithra | ഹ്രസ്വകാല ആവശ്യങ്ങൾക്കുള്ള കാർഷിക വായ്പ |
| 6 | KB Suvega | കൃഷിക്കാർക്കും സർക്കാർ ജീവന ക്കാർക്കും വേണ്ടി യുള്ള വാഹന വായ്പ |
| 7 | KB Sahaja | സ്ത്രീകൾക്ക് മാത്രമായി സ്വയം സഹായ സംഘങ്ങൾ വഴി നൽകുന്ന വായ്പ പദ്ധതി |
| 8 | KB Pension | പെൻഷൻകാർക്ക് വേണ്ടിയുള്ള വായ്പ |
| 9 | KB Tourism | ടൂറിസം മേഖലയിലെ സംരംഭങ്ങൾക്കുള്ള വായ്പ പദ്ധതി |
| 10 | SAF | മത്സ്യമേഖലയിലുള്ള വ്യക്തികൾക്ക് മാത്രമായി സ്വയം സഹായസംഘങ്ങൾ വഴി നൽകുന്ന വായ്പ |
| 11 | AIF | കാർഷികമേഖലയി-ലെ വിളവെടുപ്പിന് ശേഷമുള്ള ആവശ്യങ്ങൾക്കായി നൽകുന്ന വായ്പ |

സൂക്ഷ്മ ചെറുകിട ഇടത്തര വായ്പാ പദ്ധതി വഴി സ്റ്റാർട്ടപ്പുകൾക്കും സ്വയം സംരംഭകർക്കും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വായ്പകൾ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ വിവിധോദ്ദ്യേശ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്ന PACS as MSC നബാർഡ് സ്കീം ആരംഭിച്ചിട്ടുണ്ട്. ആയത് കൂടുതൽ ഊർജ്ജിതമാക്കി കർഷകർക്ക് കൂടുതൽ വായ്പകൾ അനുവദിച്ച് നൽകാവുന്നതാണ്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ സമഗ്രമായ വികസനം

ലക്ഷ്യമാക്കി കേരള ബാങ്ക് **KB SAMAGRA PACS** എന്ന വായ്പ്പാ സ്കീം നടപ്പാക്കുന്നുണ്ട്.

പ്രാഥമിക കാർഷിക വായ്പ്പാ സംഘങ്ങളെ കൂടാതെ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന പ്രാഥമിക കാർഷിക വായ്പ്പാ സംഘങ്ങൾക്കും തത്തുല്യമായ സംഘങ്ങൾക്കും അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (AIF) സ്കീമിൽ നിന്നുള്ള 3% പലിശ സബ്സിഡിയോട് കൂടിയ വായ്പ നൽകി വരുന്നുണ്ട്. ആയത് ഇതര സഹകരണ സംഘങ്ങൾ വഴി കാർഷിക മേഖലയെ പരിപോഷിക്കുന്ന- തിന് സഹായകരമാകും.